പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3412 — 21-12-2012 – ൽ മറുപടിയ്ക്ക്

## ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് പലിശ ഇളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായി ഒഴിവാക്കും എന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; | (എ) | നബാർഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. |
| (ബി) | ബഡ്ജറ്റിൽ ഇതിനായി എത്ര കോടി രൂപ വകയിരിത്തിയിരുന്നു എന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമായിയെന്നും വിശദമാക്കാമോ; | (ബി) | 2011-12 സാമ്പത്തിക വർഷം ഒരു കോടിയും, 2012-13 സാമ്പത്തിക വർഷം രണ്ടു കോടിയും ഉൾപ്പെടെ മൂന്നുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നതേയുള്ളൂ. |
| (സി) | ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടച്ചവരുടെ കണക്ക് ജില്ല തിരിച്ച് വിശദമാക്കുമോ; | (സി) | ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം സംഘങ്ങൾ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (ഡി) | എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ പദ്ധതിയുടെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് സഹകരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനുശേഷം മാത്രമേ ഈ പദ്ധതി പ്രകാരമുള്ള തുക ചെലവഴിക്കാൻ കഴിയൂ |

സെക്ഷൻ ഓഫീസർ